

സഹയാത്രികർ

■ അബൂഫിദൽ

# മുസ്‌ലിം മാധ്യമങ്ങളും മാനസികാരോഗ്യവും

**കുവൈത്തിൽ** നിന്ന് പ്രസിദ്ധീകരിക്കുന്ന ലോക പ്രശസ്തമായ മാസികയാണ് *അൽ മുജ്തമഅ്.* ലോക ഇസ്‌ലാമിക ചലനങ്ങളെ അടുത്തറിയാൻ ഏറ്റവും ഉപകരിക്കുന്ന പ്രസിദ്ധീകരണം. '*അൽ മുജ്തമഅ്* സ്ഥിരമായി വായിക്കുന്ന ഒരാൾ എന്തായാലും മനോരോഗിയായി മാറും'– ഒരിക്കൽ ഒരു സുഹൃത്ത് പറഞ്ഞു. കാര്യമെന്താണെന്ന് തിരക്കിയപ്പോൾ അവൻ വിശദീകരിച്ചു: 'ഒന്നാം പേജ് മുതൽ അവസാന പേജ് വരെ, എല്ലാ ലക്കവും ലോകത്ത് വിവിധ സ്ഥലങ്ങളിൽ മുസ്‌ലിംകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് മാത്രമേ അതിൽ ഉണ്ടാവുകയുള്ളൂ. ചെച്നിയയിൽ പ്രശ്നം, കാബൂളിൽ പ്രശ്നം, ചൈനയിൽ പ്രശ്നം, ഫലസ്ത്വീൻ, ബോസ്നിയ....അങ്ങനയങ്ങനെ. സ്ഥിരമായി പ്രശ്നങ്ങളെക്കുറിച്ച് മാത്രം വായിക്കുന്ന വായനക്കാരന്റെ മനോനിലയെക്കുറിച്ച് നിങ്ങൾ ആലോചിച്ച് നോക്കൂ'. *അൽ മുജ്തമഇ*ന്റെ എല്ലാ മേന്മകളും അംഗീകരിച്ചു കൊണ്ടു തന്നെ സുഹൃത്തിന്റെ ഈ വിശദീകരണത്തെ തലകുലുക്കി സമ്മതിക്കേണ്ടി വന്നു.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്ത് *എൻ.ഡി* ടി.വി ഇന്ത്യൻ മുസ്‌ലിം രാഷ്ട്രീയത്തെക്കുറിച്ച് ഒരു പ്രത്യേക ഡോക്യുമെന്ററി പ്രക്ഷേപണം ചെയ്തിരുന്നു. ഉത്തരേന്ത്യയിൽ നിന്നിറങ്ങുന്ന വ്യത്യസ്ത ഉർദു (മുസ്‌ലിം) പ്രസിദ്ധീകരണങ്ങളെക്കുറിച്ചും

അതിൽ പരാമർശങ്ങളുണ്ടായി. നിരവധി ഉർദു ആനുകാലികങ്ങളുടെ ഇമേജുകൾ ആ ഡോക്യുമെന്ററിയിൽ കടന്നുവരികയുണ്ടായി. സെപ്റ്റംബർ 11ന് ശേഷം മുസ്‌ലിം പ്രസിദ്ധീകരണങ്ങളുടെ കവർ ചിത്രങ്ങളും പ്രസിദ്ധീകരിക്കപ്പെടുന്ന മറ്റ് ചിത്രങ്ങളും പ്രത്യേക പഠനമർഹിക്കുന്ന മേഖലയാണ്. അതിലേക്ക് സൂചന നൽകുന്നതായിരുന്നു *എൻ.ഡി* ടി.വി ഡോക്യുമെന്ററിയിൽ പ്രദർശിപ്പിച്ച മുസ്‌ലിം മാധ്യമങ്ങളുടെ ഇമേജുകൾ. രക്തമൊലിക്കുന്ന ശരീരങ്ങൾ, കൊല്ലപ്പെട്ടവരുടെ ചിത്രങ്ങൾ എന്നിവ മുസ്‌ലിം ആനുകാലികങ്ങളിൽ നിറയുകയാണ്. ആക്രമിക്കപ്പെടുന്ന, കൂട്ടക്കൊലകൾക്കിരയാവുന്ന ഒരു സമൂഹത്തെ പ്രതിനിധീകരിക്കുന്ന പ്രസിദ്ധീകരണങ്ങളിൽ ഇത് സ്വാഭാവികവുമാണ്. രക്തം ചിന്തപ്പെടുന്ന സ്വന്തം സഹോദരങ്ങളുടെ വേദനകളെയും കണ്ണീരിനെയും കണ്ടില്ലെന്ന് നടിക്കാൻ അവക്ക് ആവില്ല തന്നെ.

അതേ സമയം, അങ്ങേയറ്റത്തെ നിഷേധാത്മകത നമ്മുടെ ആനുകാലികങ്ങളെ സ്വാധീനിക്കുന്നുണ്ടോ എന്നും ആലോചിക്കേണ്ടതാണ്. ലോകത്ത് മുസ്‌ലിംകൾക്ക് പ്രശ്നം മാത്രമേ ഉള്ളൂ എന്ന മട്ടിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നത് ശരിയല്ലല്ലോ. മുസ്‌ലിംകൾക്ക് ധാരാളം സാധ്യതകളുമുണ്ട്. ക്രിയാത്മകമായ ഒരു പാട് കാര്യങ്ങൾ അവർ ചെയ്യുന്നു. അവർ പല മേഖലകളിലും വമ്പിച്ച മുന്നേറ്റങ്ങൾ സൃഷ്ടിക്കുന്നു. ലോകത്തെ ഏറ്റവും യുവത്വവും ഊർജസ്വലതയുമുള്ള ഒരു വിഭാഗത്തെയാണ് മുസ്‌ലിം സമൂഹം പ്രതിനിധീകരിക്കുന്നത്. സാധ്യതകളുടെ മഹാകാശങ്ങൾ, ശുഭ പ്രതീക്ഷയുടെ സ്വപ്ന സമതലങ്ങൾ മുസ്‌ലിം യുവതക്ക് മുമ്പിൽ തുറന്നുവെക്കാനുള്ള ബാധ്യതയും മുസ്‌ലിം മാധ്യമങ്ങൾക്കില്ലേ.

ഒരു വിഷയത്തെ എങ്ങനെ അവതരിപ്പിക്കുന്നുവെന്നതും വളരെ പ്രധാനമാണ്. ഉദാഹരണം; ഗസ്സ. പ്രവാചകന്റെ കാലത്ത് ശിഅ്ബ് അബീത്വാലിബിൽ അനുഭവിച്ചതിന് സമാനമായ കടുത്ത ഉപരോധം അനുഭവിക്കുകയാണ് ആ ജനത. കുടിവെള്ളം മുതൽ അവശ്യ മരുന്നുകൾ വരെ നിഷേധിക്കുകയും അതേ സമയം അവർക്ക് മേൽ ടൺ കണക്കിന് ബോംബുകൾ വർഷിക്കുകയും ചെയ്യുന്നു. എന്നിട്ടും കീഴടങ്ങാനോ ആത്മാഭിമാനത്തിന് ക്ഷതം വരുന്ന ഒരു വാക്ക് മൊഴിയാനോ ഗസ്സക്കാരും ഹമാസ് നേതൃത്വവും സന്നദ്ധമാവുന്നില്ല. ഇത്ര ആവേശകരവും ആഴമുള്ളതുമായ ഒരു നിലപാട് അടുത്ത കാലത്തെപ്പോഴാണ് മുസ്‌ലിംകളുടെ ഭാഗത്ത് നിന്നുണ്ടായത്? ചരിത്രത്തിന്റെ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ട ഈ അനുഭവത്തെ ആ അർഥത്തിൽ പ്രതിനിധീകരിക്കാൻ മുസ്‌ലിം മാധ്യമങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? എപ്പോഴും കണ്ണീർ വാർക്കുന്ന ഗസ്സയുടെ മുഖം മാത്രമാണ് മാധ്യമങ്ങൾ തരുന്നത്. ഉപരോധത്തെയും ആക്രമണത്തെയും നിസ്സാരമാക്കി പരിഹസിച്ചുകൊണ്ട് ബീച്ചിൽ ഫുട്ബോൾ കളിക്കുകയും തെരുവിൽ പ്രകടനം നയിക്കുകയും ചെയ്യുന്ന ഗസ്സയിലെ യുവത്വത്തിന്റെ വീര്യത്തെയും അതിന്റെ ബഹുമുഖ പാഠങ്ങളെയും കാണാൻ എന്തുകൊണ്ട് മുസ്‌ലിം മാധ്യമങ്ങൾക്ക് പോലും സാധിക്കുന്നില്ല.... നെഗറ്റീവ് ജേണലിസത്തിൽ നിന്ന് അൽപം മാറിച്ചിന്തിക്കാനും സമൂഹത്തിന് ഭാവിയിലേക്കുള്ള പാത വെട്ടാനും നമ്മുടെ മാധ്യമങ്ങൾക്ക് സാധിക്കണം? ■